പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6823

10/07/2014-ൽ
മറുപടിയ്ക്കു്

**പുളിമാത്ത് ദേവസ്വം ബോർഡ് ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) പുളിമാത്ത് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ദേവസ്വം ബോർഡ് ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കുന്നതിന് ദേവസ്വം ബോർഡ് വിദ്യാഭ്യാസ വകുപ്പിനോട് ശുപാർശ ചെയ്യിട്ടുണ്ടോ; | എ) ദേവസ്വം ബോർഡ് വിദ്യാഭ്യാസ വകുപ്പിനോട് ശുപാർശ ചെയ്യിട്ടുണ്ട്. |
| ബി) പുളിമാത്ത് ഗ്രാമ പഞ്ചായത്തിൽ പ്ലസ്ടു കോഴ്സ് ഉള്ള സ്കൂൾ ഇല്ലാത്ത പശ്ചാത്തലത്തിൽ പ്രസ്തുത സ്കൂളിന് പ്ലസ്ടു കോഴ്സ് അനുവദിക്കുന്നതിന് വേണ്ട ശുപാർശ നൽകുമോ? | ബി) സർക്കാരിന്റെ നിലവിലുള്ള നയപരമായ തീരുമാന പ്രകാരം സർക്കാർ/എയ്ഡഡ് മേഖല യിൽ അധിക ഹയർ സെക്കന്ററി ബാച്ചുകളാണ് അനുവദിച്ചുവരുന്നത്. പ്രാദേശിക വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിലും സർക്കാ രിന് അധിക സാമ്പത്തിക ബാധ്യതയുണ്ടോ എന്നതിന്റെ അടിസ്ഥാനത്തിലും ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് യോഗ്യതാ ക്രമത്തിൽ കോഴ്സുകൾ ആരംഭിക്കുന്നത്. പുതിയ ബാച്ചുകൾ അനുവദിയ്ക്കാൻ ഇപ്പോൾ തീരുമാനമെടുത്തിട്ടില്ല എന്ന് വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ